# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1579** — **14.12.2012-ൽ മറുപടിക്ക്**

## നാളികേര ബയോ പാർക്കുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.എം.എ.വാഹീദ്<br>ശ്രീ.വി.ഡി.സതീശൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നാളികേര ബയോപാർക്കുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | എ) ഉണ്ട്. |
| (ബി) പ്രസ്തുത ബയോപാർക്കുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ; | ബി) നാളികേരത്തിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തേയും വിപണനത്തേയും മുൻനിർത്തി കർഷകരേയും സംരംഭകരേയും ചില്ലറ വ്യാപാരികളേയും ഒരു കുടക്കീഴിൽ കൊണ്ടു വരുക എന്ന ഉദ്ദേശ്യമാണ് കോക്കനട്ട് ബയോ പാർക്കുകളുടെ സ്ഥാപനം വഴി നടപ്പിലാക്കാൻ ലക്ഷ്യമാക്കുന്നത്. നാളികേരത്തിന്റെ വിലയിടിവ് കേര കർഷകനെ ഗുരുതരമായി ബാധിച്ചിരിക്കുന്ന സാഹചര്യത്തിൽ നാളികേര മൂല്യവർദ്ധനവിലൂടെ കേരമേഖലയ്ക്ക് പുതുജീവൻ നൽകുന്നതിനുവേണ്ടി കോക്കനട്ട് ബയോപാർക്കുകൾ സംസ്ഥാന സർക്കാർ 2012-13-ൽ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്. കൊപ്രയിലും വെളിച്ചെണ്ണയിലുമായി നാളികേര സംസ്കരണം കേന്ദ്രീകരിക്കാതെ ദേശീയ പാനീയമായി പ്രഖ്യാപിച്ച കഴിഞ്ഞ ഇളനീരും മറ്റ് ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണവും മൂല്യവർദ്ധനവുമാണ് നാളികേര ബയോപാർക്കുകളിലൂടെ പ്രാവർത്തികമാക്കുന്നത്. |
| സി) നാളികേരത്തിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഈ പാർക്കുകളിൽ സജ്ജമാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | സി) നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ ഡെസിക്കേറ്റഡ് കോക്കനട്ട്, കോക്കനട്ട് മിൽക്ക് ക്രീം, സ്പ്രേ ഡ്രൈഡ് മിൽക്ക് പൗഡർ, കോക്കനട്ട് ചിപ്സ്, |

വെർജിൻ വെളിച്ചെണ്ണ, പാക്ക് ചെയ്ത ഇളനീർ, നാളികേര വിനാഗിരി, ചിരട്ടപ്പൊടി, ഷെൽ ചാർക്കോൾ, ആക്ടിവേറ്റഡ് കാർബൺ തുടങ്ങിയവ ഉല്പാദിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് കോക്കനട്ട് ബയോപാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച് കേരള കാർഷിക സർവ്വകലാശാല സമർപ്പിച്ച്, സർക്കാർ അംഗീകരിച്ച നിർദ്ദേശങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രസ്തുത പാർക്കുകളിൽ ജലം, റോഡ്, ഇലക്ട്രിസിറ്റി, വാർത്താവിനിമയ സൗകര്യങ്ങൾ, കെട്ടിടം, ട്രെയിനിംഗ് സൗകര്യം, ഏകജാലക തീർപ്പാക്കൽ, കാർഷിക സർവ്വകലാശാലയുടെ ഫുഡ് ടെക്നോളജി റിസേർച്ച് സെന്റർ, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, പാക്കിംഗ്, ലേബലിംഗ്, വെയർ ഹൗസ്, ഉൽപ്പന്ന ഗുണനിലവാര പരിശോധന, വിൽപ്പന സൗകര്യങ്ങൾ തുടങ്ങിയവയും മറ്റ് അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും സജ്ജമാക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

| | |
|---|---|
| ഡി) എവിടെയൊക്കെയാണ് പ്രസ്തുത പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ? | ഡി) 30/11/2012-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ.ടി.) 2137/2012/കൃഷി പ്രകാരം കോക്കനട്ട് ബയോപാർക്ക് നിർമ്മിക്കുന്നതിലേക്കായി സ്ഥലം നിർദ്ദേശിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവായി. അതിൻ പ്രകാരം 4/12/12-ൽ കൃഷി ഡയറക്ടറുടെ ചേംബറിൽ കൂടിയ സ്ഥലം തെരഞ്ഞെടുക്കൽ കമ്മിറ്റി ദക്ഷിണമേഖലയിൽ കൊല്ലം ജില്ലയിലെ അഞ്ചൽ ജില്ല കൃഷി ഫാം, ഉത്തരമേഖലയിൽ കണ്ണൂർ ജില്ലയിലെ ആറളം ഫാം, മദ്ധ്യമേഖലയിൽ തൃശ്ശൂർ ജില്ലയിലെ ചേലക്കര ജില്ല കൃഷി ഫാം എന്നിവ നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ച് അന്തിമ തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ